**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 325** **28-06-2024 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് തൊഴിലാളികൾക്ക് സമയബന്ധിതമായി വേതനം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. സണ്ണി ജോസഫ് , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീമതി കെ. കെ. രമ** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് സമയബന്ധിതമായി വേതനം ലഭിക്കുന്നില്ല എന്ന പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | തൊഴിലുറപ്പ് തൊഴിലാളികൾക്ക് സമയബന്ധിതമായി വേതനം ലഭിക്കുന്നില്ല എന്ന പരാതികൾ ഗൗരവത്തോടെയാണ് കാണുന്നത്. വേതന വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി, കേന്ദ്ര നിയമ പ്രകാരം നടപടിക്രമങ്ങൾ നിശ്ചയിച്ച് സംസ്ഥാനത്ത് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിലവിൽ വേതന കുടിശ്ശികയില്ല. |
| (ബി) | തൊഴിലുറപ്പ് തൊഴിലാളികൾക്ക് മിനിമം ഇരുനൂറു ദിവസത്തെ ജോലി അനുവദിക്കാനും വേതനം സമയബന്ധിതമായി നൽകാനും കേന്ദ്ര സർക്കാർ തലത്തിൽ ഇടപെടൽ നടത്തുമോയെന്നറിയിക്കാമോ? | (ബി) | ഒരു കുടുംബത്തിന് പരമാവധി 100 തൊഴിൽ ദിനങ്ങൾ മാത്രമാണ് കേന്ദ്ര സർക്കാർ അനുവദിച്ച് തരുന്നത്. എന്നാൽ സംസ്ഥാനത്തെ പട്ടിക വർഗ്ഗ വിഭാഗത്തിലുൾപ്പെടുന്ന തൊഴിലാളികൾക്ക് അധിക 100 ദിനം കൂടി ലഭ്യമാക്കി 200 തൊഴിൽദിനങ്ങൾ നൽകുന്നതിന് കേരള ട്രൈബൽ പ്ലസ് പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വേതന വിതരണത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ആവശ്യമായ രേഖകൾ സംസ്ഥാനം കൃത്യസമയത്ത് തന്നെ നൽകി വരുന്നുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിലവിൽ വേതന കുടിശ്ശികയില്ല. കാലതാമസം ഉണ്ടാകുന്ന അവസരത്തിൽ കേന്ദ്ര സർക്കാരിൽ ആവശ്യമായ ഇടപെടൽ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ